# ആണ്ട് നേർച്ചയുടെ ഇസ്ലാമിക മാനം

**ശാഫി സ്വലാഹി ചങ്ങലീരി**

ഖബ്റുമായി ബന്ധപ്പെട്ട് നടന്നുവരുന്ന ഒരു അനാചാരമാണ് ആണ്ടുനേർച്ച എന്ന പേരിലുള്ള ആഘോഷവും അനുബന്ധ ചടങ്ങുകളും. മഹാന്മാരുടെ മഖ്ബറകളോടനുബന്ധിച്ചാണ് പ്രസ്തുത തെരുവാഘോഷം നടന്നുവരുന്നത്. ജാറത്തിൽ അന്ത്യവിശ്രമംകൊള്ളുന്ന മഹാന്റെ മരണത്തിന്റെ വാർഷികാഘോഷമായാണ് അത് കണക്കാറുള്ളത്. കൊടികുത്ത് നേർച്ച, ചന്ദനക്കുടം, ഉറൂസ് എന്നിങ്ങനെ പല പേരിലും ഈ അനാചാരം അറിയപ്പെടുന്നു. ഇന്നുള്ള പല ജാറങ്ങളും അറിയപ്പെടുന്നതുതന്നെ അവിടെ നടക്കുന്ന ആഭാസകരമായ ആണ്ടുനേർച്ചകളുടെ പേരിലാണ്. (പട്ടാമ്പി നേർച്ച, ചേറ്റുവ നേർച്ച എന്നിവ ഉദാഹരണം.) അവിടങ്ങളിൽ അന്ത്യവിശ്രമം കൊള്ളുന്ന 'വലിയ്യി'നെക്കുറിച്ചല്ല ആളുകൾക്കറിയുക. മറിച്ച് അവിടങ്ങളിൽ വർഷാവർഷവും അതിവിപുലമായി നടന്നുവരാറുള്ള കുപ്രസിദ്ധമായ നേർച്ചാഘോഷങ്ങളുടെ പേരിലാണ്.

മഹാന്മാരുടെ മക്ബറകളുമായി ബന്ധപ്പെട്ട് നടക്കുന്ന ഇത്തരം നേർച്ചകളെ അംഗീകരിക്കുകയും അവ വളരെ വിപുലമായി ആഘോഷിക്കണമെന്ന് വാദിക്കുകയും ചെയ്യുന്നവരാണ നമ്മുടെ നാട്ടിലെ അഹ്ലുസ്സുന്നത്തിവൽ ജമാഅത്തിന്റെ മൊത്തക്കുത്തക അവകാശപ്പെടുന്ന ഇരുവിഭാഗം സമസ്തക്കാരും സംസ്ഥാനക്കാരും മറ്റു സമാന ചിന്താഗതിക്കാരായ ത്വരീഖത്ത് പ്രസ്ഥാനക്കാരുമെല്ലാം. സമസ്തക്കാരായ മുസ്ല്യാക്കന്മാരുടെ ചില പ്രസ്താവനകൾ ആദ്യം കാണുക:

**(ഇസ്ലാമിലെ ഖബർ സിയാറത്ത്- ഉറൂസ്. പേജ്: 17. പ്രസാ: സി.എം. ഇസ്ലാമിക് കോളേജ് മടവൂർ)**



**ഉറൂസും പ്രമാണവും**

മഹാൻമാരുടെയും സദ്വൃത്തരുടെയും മരണശേഷം ആണ്ടിലൊരിക്കൽ പ്രത്യേകമായി അവരെ സ്മരിക്കുകയും അവരുടെ ജീവ ചരിത്രങ്ങൾ പറഞ്ഞ് പ്രകീർത്തിക്കുകയും അവരുടെ മഖ്ബറകൾ സന്ദർശിക്കുകയുമാണ് ആണ്ട് നേർച്ച അഥവാ ഉറൂസ് കൊണ്ട് നാം ഉദ്ദേശിക്കുന്നത്. അടിസ്ഥാന പ്രമാണ മനുസരിച്ച് ഇതും പുണ്യമാണെന്നത് സുവ്യക്തമാണ്. ഉറൂസ് എന്ന് സാധാര ണയിൽ പറഞ്ഞ് വരുന്നത് ആണ്ടറുതി ദിവസം എന്ന അർത്ഥത്തിലാണ്. സ്വാഹിലുകളായ ആളുകൾ ഖബറടക്കം ചെയ്യപ്പെട്ടു കഴിഞ്ഞാൽ അവരോട്

**(ആണ്ടുനേർച്ചയും ഖബർ സിയാറത്തും പേജ്: 5. ഇ.കെ. അബൂബക്കർ മുസ്ല്യാർ)**




മഹാന്മാരായ ഔലിയാക്കളുടെയും സ്വാലിഹീങ്ങളുടെയും ഖബ്റു കൾ കെട്ടിപ്പടുത്തു സിയാറത്തിനും മറ്റും സൗകര്യപ്പെടുത്തി സൂക്ഷി ക്കുകയും, അവർ ചരമമടഞ്ഞ ദിവസങ്ങളിൽ ആണ്ടറുതികൾ കഴിക്കു കയും ചെയ്യുക എന്നത് ഇസ്ലാമിൽ വളരെ പഴക്കം ചെന്ന ഒരു സമ്പ്ര ദായമാണ്. ഇമാം ഇബ്നുജരീർ (റ) മഹാന്മാരായ അസ്വഹാബുൽ കഹ് ഫിന്റെ ഖബ്റിനെ അന്നത്തെ മുസ്ലീംകൾ കെട്ടിപ്പടുത്തതിനെപ്പറ്റിയും

**(ഖബ്റാരാധന പേജ്: 39. അബ്ദുസ്സലാം മുസ്‌ല്യാർ ദേവർഷോല)**




## ഉറൂസ്

ആണ്ട് നിശ്ചയിച്ച് മഹാന്മാരുടെ ഖബ്ർ സന്ദർശനം കൂട്ടമായി നിർവഹിക്കുക, ഖുർആൻ പാരായണം ചെയ്യുക, വിജ്ഞാന സദസ്സുകൾ സംഘടിപ്പിക്കുക, അന്നദാനം എന്നിവയുടെ സമ്മേളനമായി നടക്കുന്ന ഉറൂസ് ആണ്ട് നേർച്ചയുടെ പരിധിയിൽ പെടുന്നതാണ്.

**(ഇസ്‌ലാം സംശയങ്ങൾക്ക് മറുപടി. പേജ്: 1961. പ്രസാ: പട്ടിക്കാട് ജാമിഅ നൂരിയ്യ)**




പുണ്യകർമ്മമാക്കിയ വിവാഹച്ചടങ്ങുകളുടെ പേരിൽ ധാരാളം ഹറാമുകൾ സമൂഹത്തിൽ ഇന്ന് അരങ്ങേറുന്നുണ്ടല്ലോ. ആ കാരണം പറഞ്ഞ് ആരും ഇന്നോളം വിവാഹച്ചടങ്ങും സദ്യയും ഹറാമാണെന്ന് പറഞ്ഞിട്ടില്ല.

ഇതുപൊലെ തന്നെയാണ് നേർച്ചയുടെയും ഉറുസിന്റെയും കഥയും. മഹാന്മാർ മരിച്ച ആണ്ടെത്തുമ്പോൾ നടത്തുന്ന വാർഷിക സിയാറത്തും അന്നദാനവുമാണിത്. അത് ഇസ്‌ലാം അംഗീകരിച്ചതുമാണ്. വിശുദ്ധ ഖുർആൻ 13:24 ന്റെ വ്യാഖ്യാനത്തിൽ ഇങ്ങനെ

**(മഖ്ബറ ആചാരവും അനാചാരവും പേജ്: 43. എസ്.വൈ.എസ്. ബുക്സ്)**




ആഴ്ചകളോളം നീണ്ടുനിൽക്കുന്ന മതപ്രസംഗം, കൂട്ട സിയാറത്ത്, അന്നദാനം തുടങ്ങിയ സൽക്കർമ്മങ്ങൾകൊണ്ടു മാത്രം അലങ്കരിക്കുന്ന ഉറൂസുകളും കേരളത്തിലുണ്ട്. അത് പ്രോത്സാഹനാർഹമാണ്. മരിച്ച ആണ്ടെത്തുമ്പോൾ സംഘടിപ്പിക്കുന്ന വാർഷികസിയാറത്തും അന്നദാനവുമൊക്കെയാണ് ഉറൂസിൽ പ്രധാനമായും നടത്തുന്നത്. ഇത് മതമംഗീകരിച്ചിട്ടുള്ള കാര്യമാണ്. വാർഷിക സിയാറത്തു നബിതിരുമേനി (സ)യും അബൂബക്കർ (റ), ഉമർ (റ), ഉസ്മാൻ (റ) എന്നീ ഖലീഫമാരും നടത്താറുണ്ടായിരുന്നു.

**(ആണ്ടുനേർച്ചയും ചില അപവാദങ്ങളും പേജ്: 7. ശിഹാബുദ്ദീൻ ശാലിയാത്തി)**




## ആണ്ട്നേർച്ചകൾ എന്ത്? എന്തല്ല?

മഹാന്മാരായ ഔലിയാക്കളുടെയും, ശുഹദാക്കളുടെയും, സാദാത്തുക്കളുടെയും, സ്വാലിഹീങ്ങളുടെയും മസാറുകളിൽവെച്ച് വഫാത്തിലൊരിക്കൽ സമാഘോഷം കൊണ്ടാടാറുള്ള അടിയന്തിരത്തിന്നാണ് ആണ്ടുനേർച്ച എന്നു മലബാറിൽ സാധാരണ പറഞ്ഞുവരാറുള്ളത്. കേരളത്തിന്റെ തെക്കെ അററത്തു ഇതിന്നു ചന്ദനക്കുടമെന്നും തമിഴ് നാടുകളിൽ ഖന്തൂരി എന്നും വടക്കെ ഇന്ത്യയിൽ ഉറൂസ് എന്നും ഈ ആഘോഷത്തിനു പറയപ്പെടുന്നു.

മേൽ ഉദ്ധരണികളുടെ ചുരുക്കം ഇതാണ്:

* മഹാന്മാരുടെ ക്വബ്റിങ്കൽ വെച്ച് ആണ്ടിലൊരിക്കൽ പ്രത്യേകമായി നടത്തുന്ന അനുസ്മരണ-പ്രകീർത്തന ചടങ്ങാണ് ആണ്ടുനേർച്ച.
* അത് വാർഷിക അടിയന്തിരമാണ്.
* ആണ്ട് നിശ്ചയിച്ച് മഹാന്മാരുടെ ഖബർ കൂട്ടമായി സന്ദർശിക്കുക, ഖുർആൻ പാരായണം നിർവ്വഹിക്കുക, അന്നദാനം നടത്തുക... എന്നിവയാണ് അതിലെ പ്രധാന ചടങ്ങുകൾ.
* ഈ സമ്പ്രദായം പുണ്യകരമാണ്
* ഇതിന് അടിസ്ഥാന പ്രമാണങ്ങളുടെ പിൻബലമുണ്ട്.
* മതം അംഗീകരിച്ച കാര്യമാണ്.
* ഈ സമ്പ്രദായം മതം അംഗീകരിച്ചതും ഇസ്‌ലാമിൽ പഴക്കം ചെന്ന ഒരു സമ്പ്രദായവുമാണ്.

നോക്കൂ, ഈ സമ്പ്രദായം ഇസ്‌ലാം അംഗീകരിച്ച ഒരു മതാചാരമാണെന്നാണല്ലോ മേൽ ന്യായീകരണങ്ങളുടെയെല്ലാം ആകെത്തുക! എന്നാൽ എന്താണ് വസ്തുത? നമുക്ക് പരിശോധിക്കാം.

ഇവിടെ ഒന്നാമതായി നാം പരിശോധിക്കേണ്ടത്, ഇപ്രകാരമൊരു സമ്പ്രദായം ഇസ്‌ലാം നമുക്ക് പഠിപ്പിച്ചുതന്നിട്ടുണ്ടോ എന്നാണ്. തീർച്ചയായും ആ പരിശോധന 'ഇല്ല' എന്ന ഉത്തരത്തിലാണ് നമ്മെ എത്തിക്കുക. കാരണം, നബി(ﷺ)യുടെ ജീവിതകാലത്ത് നിരവധി മഹാന്മാരുടെ (സ്വഹാബിമാരുടെ) ക്വബ്റുകൾ സമീപത്തുതന്നെ ഉണ്ടായിട്ടും അപ്രകാരമൊരു ആണ്ട്നേർച്ചയുടെ ചെറിയൊരു രൂപം പോലും അവിടുന്ന്(ﷺ) നമുക്ക് മാതൃക കാണിച്ചുതന്നില്ല. പരലോകത്തെക്കുറിച്ചും മരണത്തെക്കുറിച്ചുമുള്ള ചിന്തയുണ്ടാക്കാൻവേണ്ടിയും ക്വബ്റാളിക്കുവേണ്ടി പ്രാർത്ഥിക്കാനും വേണ്ടി അവരൊക്കെ ക്വബ്ർ സിയാറത്ത് ചെയ്തിരുന്നുവെങ്കിലും അതിന് പ്രത്യേകമായ ദിവസമോ സമയമോ അവർ നിർണയിച്ചിരുന്നില്ല. അപ്രകാരം തന്നെ അവരൊന്നും കൂട്ട സിയാറത്തുകൾ സംഘടിപ്പിച്ചിട്ടുമില്ല. വർഷാവർഷം മരണപ്പെട്ടവരുടെ ആണ്ട് നോക്കി പ്രത്യേകം സിയാറത്ത് ചെയ്യുകയോ അവിടെപ്പോയി അനുസ്മരണ യോഗങ്ങൾ സംഘടിപ്പിക്കുകയോ പ്രത്യേകം ഖുർആൻ പാരായണം ചെയ്യുകയോ അന്നദാനം നടത്തുകയോ ചെയ്ത് മാതൃക കാണിച്ചിട്ടുമില്ല. അതുകൊണ്ടെല്ലാം തന്നെ ഇന്ന് ആണ്ട്നേർച്ച എന്ന പേരിൽ ചെയ്യുന്ന മേൽ പ്രവർത്തനങ്ങളെല്ലാം ബിദ്അത്തിന്റെ പരിധിയിലാണുൾപ്പെടുക എന്ന് അടിസ്ഥാനപരമായി നാം തിരിച്ചറിയുക.

മാത്രമല്ല, മതത്തിന്റെ പേരിൽ ആരെങ്കിലും ഇത്തരം ചടങ്ങുകൾ ചെയ്തുതുടങ്ങിയാൽ അവരെ അത്തരം വിഷയങ്ങളിൽ അനുകരിക്കാൻ പാടില്ലെന്നും, അത്തരം കാര്യങ്ങളിൽനിന്നും അവരെ വിലക്കണമെന്നുമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അവക്ക് എത്ര നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ടെങ്കിലും, എത്ര ഭൂരിപക്ഷത്തിന്റെ പിന്തുണയുണ്ടെങ്കിലും ശരി! ഇതു സംബന്ധമായ നബി(ﷺ)യുടെ ഗൗരവമേറിയ ചില താക്കീതുകൾ കാണുക:

**(രിയാളുസ്വാലിഹീൻ പരിഭാഷ പേജ്: 129. പരിഭാഷകൻ: ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ)**




١٦٩/١ – عن عائشة رضي الله عنها ، قالت : قَالَ رسولُ الله ﷺ :
« مَنْ أَحْدَثَ فِي أَمْرِنا هٰذَا مَا لَيْسَ مِنْهُ فَهُوَ رَدٌّ » متفق عليه .

169. ഹസ്രത്ത് ആയിശ(റ)ൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: "നമ്മുടെ ഈ മതത്തിൽ ആരെങ്കിലും എന്തെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്." (മുത്തഫഖുൻ അലൈഹി)

**(രിയാളുസ്വാലിഹീൻ പരിഭാഷ പേജ്: 124. പരിഭാഷകൻ: ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ)**




أَلا وَإِنَّ أَوَّلَ الْخَلائِقِ يُكْسى يَوْمَ الْقِيامَةِ إِبْراهِيمُ ، ﷺ ، أَلا وَإِنَّهُ سَيُجاءُ بِرِجالٍ مِنْ أُمَّتِي
فَيُؤْخَذُ بِهِمْ ذاتَ الشِّمالِ ، فَأَقُولُ : يا رَبِّ أُصَيْحابي ، فَيُقالُ : إِنَّكَ لا تَدْرِي ما أَحْدَثُوا بَعْدَكَ

അറിയുക. സൃഷ്ടികളിൽ ആദ്യമായി അന്ത്യദിനത്തിൽ വസ്ത്രം ധരിപ്പിക്കപ്പെടുന്നത് ഹസ്രത്ത് ഇബ്റാഹീം നബി(അ) ആയിരിക്കും. അറിയുക, എന്റെ സമുദായത്തിൽപ്പെട്ട കുറെയാളുകളെ പരലോകത്ത് ഹാജരാക്കപ്പെടുകയും, ഇടതു ഭാഗത്ത് (നരകത്തിനടുത്ത്) നിറുത്തപ്പെടുകയും ചെയ്യും. അപ്പോൾ ഞാൻ പറയും: "നാഥാ, ഇവരെന്റെ അനുയായികളാണ്." അപ്പോൾ പറയപ്പെടും: "താങ്കൾക്കു ശേഷം ഇവർ എന്തെല്ലാം അനാചാരങ്ങളാണുണ്ടാക്കിയതെന്ന് താങ്കൾക്കറിയില്ല."

ചിന്തിക്കുക! ഇസ്‌ലാമിക മാതൃകയില്ലാതെ മതത്തിൽ പുതുതായുണ്ടാക്കുന്ന കാര്യങ്ങൾ മുഴുവൻ ഇസ്‌ലാമിന് പുറത്താണെന്നും അതിനാൽ അവ ഉപേക്ഷിക്കണമെന്നും ഗൗരവപൂർവ്വം താക്കീത് ചെയ്യുകയാണ് മേൽ വചനങ്ങളിലൂടെ നബി(ﷺ) ചെയ്യുന്നത്. അതിനാൽ ആണ്ട്നേർച്ചയും ഉപേക്ഷിക്കേണ്ടതാണെന്ന് വ്യക്തമായി.

മാത്രമല്ല, ആണ്ട്നേർച്ചയിലൂടെ യഥാർത്ഥത്തിൽ ഒരു സുന്നത്തിനെ ബിദ്അത്താക്കി അട്ടിമറിക്കുകയാണ് ചെയ്യുന്നത്. കാരണം, ക്വബ്ർ സിയാറത്ത് ഒരു സുന്നത്തായ കർമമാണ്. അക്കാര്യത്തിൽ ആർക്കും തർക്കമില്ല. എന്നാൽ സുന്നത്തായ ആ ചടങ്ങിന്റെ മറവിലാണ് അതൊരു വാർഷികാഘോഷമാക്കി പ്രത്യേക മായ രൂപഭാവങ്ങളും ചടങ്ങുകളുമുണ്ടാക്കി ബിദ്അത്തുകളുടെ പരമ്പരകൾ സൃഷ്ടിക്കുന്നത്.

ഇത് പറയുമ്പോൾ പല ദുർന്യായങ്ങളുമുന്നയിക്കപ്പെടാറുണ്ട്. ക്വബ്ർ സിയാറത്ത് സുന്നത്തല്ലേ? അതുകൊണ്ട് ആ സുന്നത്ത് മാത്രമേ ഞങ്ങൾ ചെയ്യുന്നുള്ളൂ; അതിന്റെ പേരിലുള്ള മറ്റു അനാചാരങ്ങളെ ഞങ്ങൾതന്നെ എതിർക്കുന്നുണ്ട്. എന്നിട്ടും എന്തിനാണ് നിങ്ങൾ ആ സുന്നത്തിനെ അനാചാരത്തിന്റെ പട്ടികയിലുൾപ്പെടുത്തുന്നത്? ഇതാണ് ഈ വിഷയത്തിലുള്ള പ്രധാന വിമർശനം.

ഇവിടെ അടിസ്ഥാനപരമായ ചില കാര്യങ്ങൾ നാം തിരിച്ചറിയേണ്ടതുണ്ട്. മറ്റു ക്വബ്റുകൾ സിയാറത്ത് ചെയ്യുന്നതുപോലെ മഹാന്മാരുടെ ക്വബ്റുകളും സിയാറത്ത് ചെയ്യൽ സുന്നത്താണെന്നത് അംഗീകരിച്ചുകൊണ്ടുതന്നെ പറയട്ടെ, ഇസ്‌ലാം സുന്നത്താക്കിയ പ്രസ്തുത ആചാരം തന്നെ മറ്റൊരു പ്രത്യേക സമയത്തും രൂപത്തിലും പ്രത്യേകം പുണ്യം വിചാരിച്ച് നിർവ്വഹിക്കണമെങ്കിൽ അതിന് വേറെ തെളിവിന്റെ ആവശ്യമുണ്ട്. അത്തരമൊരു തെളിവും കാരണവും ഇവിടെ ഇല്ല എന്നതാണ് അത് അനാചാരമാകാനുള്ള മറ്റൊ കാരണം. ഇക്കാര്യം ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കാം. രണ്ട് റക്അത്ത് സുന്നത്ത് നമസ്കാരം. അത് റവാതിബ് സുന്നത്ത്, തഹിയ്യത്ത്, ളുഹാ, എന്നിങ്ങനെ പല പേരിലും പല സമയത്തും സന്ദർഭങ്ങളിലും സുന്നത്തായി പഠിപ്പിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, ഒരാൾ അതിലെ ഒരു സംഗതി മാത്രം എടുത്ത് (ഉദാ:- റവാത്തിബ് സുന്നത്തിലെ മഗ്‌രിബിന് ശേഷമുള്ള രണ്ട് റക്അത്ത് നമസ്കാരം എല്ലാ വർഷവും ഒരു നിശ്ചിത ദിവസത്തിൽ മാത്രം പ്രത്യേകം പുണ്യം വിചാരിച്ച് നിർവ്വഹിക്കുമ്പോൾ അത് ബിദ്അത്തായിത്തീരുന്നു.) കാരണം, നേരത്തെ വിശദീകരിച്ചതുതന്നെ.

ഈ അടിസ്ഥനപരമായ യാഥാർത്ഥ്യം ശാഫിഈ മദ്ഹബിലെ പ്രഗത്ഭ പണ്ഡിതനായ ഇബ്നുഹജറുൽ ഹൈതമി വ്യക്തമാക്കുന്ന ചില രംഗങ്ങൾ കാണുക:

1) ബാങ്ക് വിളിക്കുമ്പോൾ അതിനു മുമ്പായി നബി(ﷺ)യുട പേരിൽ സ്വലാത്ത് ചൊല്ലുന്നതിന്റെ വിധിയെ കുറിച്ചുള്ള ഒരു ചോദ്യത്തിന് മറുപടിയായി ഹൈതമി എഴുതുന്നു:



(١٣١)

والتواضع لله حيث يسأله ويطلب منه طلب العبد المحتاج وكذا يقال فى صلاتنا عليه ﷺ فانها لهذه الأغراض الجليلة فتأمل ذلك واعتن بحفظه وتحقيقه ووردت أحاديث أخر بنحو تلك الاحاديث السابقة ولم نر فى شيء منها التعرض للصلاة عليه ﷺ قبل الأذان ولا إلى محمد رسول الله بعده ولم نر أيضا فى كلام أئمتنا تعرضا لذلك أيضا فحينئذ كل واحد من هذين ليس بسنة فى محله المذكور فيه فمن أتى بواحد منهما فى ذلك معتقدا سنيته فى ذلك المحل المخصوص نهى عنه ومنع منه لأنه تشريع بغير دليل ومن شرع بلا دليل يزجر عن ذلك وينهى عنه ( فائدة ) قد أحدث المؤذنون الصلاة والسلام على رسول الله ﷺ عقب الاذان للفرائض الخمس إلا الصبح والجمعة فإنهم يقدمون ذلك فيها على الاذان وإلا المغرب فانهم

**(ഫതാവൽകുബ്റ: 1/131)**

*അർത്ഥം:* "ബാങ്കിന്റെ മുമ്പ് നബി(ﷺ)യുടെ പേരിൽ സ്വലാത്ത് ചൊല്ലുന്നതിനെ സംബന്ധിച്ചോ അതിനു ശേഷം 'മുഹമ്മദുർറസൂലുല്ലാഹ്' എന്ന് പറയുന്നതിനെ സംബന്ധിച്ചോ ഹദീസുകളിലൊന്നിലും പരാമർശിച്ച തായി ഞാൻ കണ്ടിട്ടില്ല. നമ്മുടെ ഇമാമുകളുടെ പ്രസ്താവനകളിലും അതിനെ സംബന്ധിച്ചുള്ള പരാമർശങ്ങൾ

നാം കണ്ടിട്ടില്ല. അതിനാൽ ആ രണ്ട് കാര്യങ്ങളിൽ ഒന്നും ആ സ്ഥലത്ത് സുന്നത്തല്ല. അതിനാൽ സുന്നത്താണെന്ന വിശ്വാസത്തോടെ ആ പ്രത്യേക സ്ഥലത്ത് ആ രണ്ടുകാര്യങ്ങളിലോരോന്നും ചെയ്യുന്നവനെ അതിൽനിന്നും നിരോധിക്കുകയും തടയുകയും ചെയ്യേണ്ടതുണ്ട്. കാരണം അത് തെളിവില്ലാതെ മതത്തിൽ നിയമമുണ്ടാക്കലാണ്. അങ്ങനെ തെളിവില്ലാതെ മതമുണ്ടാക്കുന്നവനെ ശകാരിക്കുകയും അതിൽനിന്ന് വിരോധിക്കുകയും വേണം." *(ഫതാവൽകുബ്റ: 1/131)*

നോക്കൂ, എത്ര വ്യക്തമാണ് കാര്യം! ശാഫിഈ മദ്ഹബിലെ പ്രസിദ്ധ പണ്ഡിതനായ ഇമാം ഹൈതമി, നബി(ﷺ) യുടെ പേരിലുള്ള സ്വലാത്തിനെയാണ് ഇവിടെ ഒഴിവാക്കാൻ ആഹ്വാനം ചെയ്യുന്നത്! എന്താണതിന് കാരണം? ഗൗരവപൂർവ്വം ചിന്തിക്കുക! ഇവിടെ പറഞ്ഞ 'സ്വലാത്ത്' മോശമായതുകൊണ്ടല്ല. അത് ഹദീസിൽ ഉദ്ധരിക്കപ്പെട്ട തരത്തിലുള്ള സ്വലാത്തല്ലാത്തതുകൊണ്ടുമല്ല. മറിച്ച്, അദ്ദേഹം തന്നെ പറഞ്ഞതുപോലെ ആ സമയത്തും സ്ഥലത്തും നബി(ﷺ) അങ്ങനെയൊന്ന് പഠിപ്പിച്ചിട്ടില്ലാത്തതുകൊണ്ടുതന്നെ! അഥവാ, ആ സമയത്തിനും സ്ഥലത്തിനും പുണ്യം വിചാരിക്കുകയും അത് മതത്തിൽ പെട്ടതാണെന്ന് ധരിക്കുകയും ചെയ്യുന്നതാണ് പ്രശ്നം. അപ്പോൾ, ഇവിടെ യുക്തിക്കല്ല സ്ഥാനം. മറിച്ച്, ആ സമയത്തിനും സന്ദർഭത്തിനും നബി(ﷺ)യുടെ പ്രത്യേക മാതൃകയുണ്ടോ എന്നാണ് ശറഇൽ നോക്കുന്നത്.

ചുരുക്കത്തിൽ, ആണ്ട്നേർച്ചയും ഖബ്ർ സിയാറത്തും സ്വലാത്തും ഖുർആൻ പാരായണവുമെല്ലാം എത്ര പുണ്യവും ശ്രേഷ്ഠതയുമുള്ളതാണെങ്കിലും എത്രവലിയ മഹാന്മാർ അംഗീകരിച്ചതാണെങ്കിലും ശരി, അത് പ്രയോഗിക്കുന്ന സ്ഥലത്തിനും സമയത്തിനും നബി(ﷺ)യുടെ മാതൃകയില്ലെങ്കിൽ അത് അനുവദനീയമല്ലെന്നും ബിദ്അത്തായിത്തീരുമെന്നും നാം ഗൗരവപൂർവ്വം തിരിച്ചറിയുക! അതുകൊണ്ടുതന്നെ മേൽ അടിസ്ഥാനത്തിൽ ആണ്ടുനേർച്ചയും അതിലെ കർമങ്ങളും ബിദ്അത്തിന്റെ പരിധിയിലാണുൾപ്പെടുന്നതെന്ന് വ്യക്തം.

മാത്രമല്ല, ക്വബ്റുകൾ ആഘോഷ സ്ഥലമാക്കുന്നതിനോട് ഇസ്ലാമിന് ശക്തമായ പ്രതിഷേധമുണ്ട്. ക്വബ്റുകൾ ശാന്തതയുടെയും ശൂന്യതയുടെയും സ്ഥലമാകണമെന്നും, അതിന്റെ പ്രകൃതിപരമായ അവസ്ഥയിൽതന്നെ നിലനിൽക്കണമെന്നും അതുകൊണ്ടാണ് ഇസ്ലാം പഠിപ്പിക്കുന്നത്. മാത്രമല്ല, ക്വബ്റുകൾ കാണുമ്പോൾ തന്നെ മരണത്തെക്കുറിച്ചും പരലോകത്തെക്കുറിച്ചും ഓർമയുണ്ടാകാനും അതാവശ്യമാണ്. ഇസ്ലാം പഠിപ്പിച്ച ഇത്തരം ലക്ഷ്യങ്ങൾക്ക് തീർത്തും വിരുദ്ധമാണ് അത് ആഘോഷസ്ഥലമാക്കൽ. മാത്രമല്ല



٢٠٤٢ ـ (صحيح) حدثنا أحمد بن صالح، قرأت على عبد الله بن نافع قال: أخبرني ابن أبي ذئب، عن سعيد المقبُري، عن أبي هريرة، قال: قال رسول الله ﷺ: «لا تجعلوا بيوتكم قبوراً، ولا تجعلوا قبري عيداً، وصلُّوا عليَّ فإن صلاتكم تبلُغني حيثُ كنتم».

നബി(ﷺ) അതിനെ പ്രത്യേകം വിരോധിക്കുകയും ചെയ്തിട്ടുണ്ട്. ഒരു പ്രവാചക വചനം കാണുക:

**(അബൂദാവൂദ് ഹദീസ് നമ്പർ: 2042)**

അർത്ഥം: നബി(ﷺ) പറഞ്ഞു: "എന്റെ ഖബർ നിങ്ങൾ ഉത്സവസ്ഥലമാക്കരുത്." *(അബൂദാവൂദ് ഹദീസ് നമ്പർ: 2042)*

ഈ ഹദീസ് സമസ്തക്കാർ തന്നെ പല സ്ഥലങ്ങളിലും ഉദ്ധരിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ കാണുക:

"ഒരു ഹദീസ് പറയുന്നു. എന്റെ ഖബർ സ്ഥിതിചെയ്യുന്ന ആഘോഷ (സ്ഥല) മാക്കി മാറ്ററുത്." *(സുന്നി മാർഗ്ഗം. പേജ്: 87. ഹുസൈൻ ഹിൽമി ഇശീക്ക്)* "എന്റെ ഖബർ നിങ്ങൾ ഉത്സവസ്ഥലമാക്കരുത് എന്ന നബിവചനം." *(തിരുത്തപ്പെടേണ്ട ധാരണകൾ. പേജ്: 370. വിവ: പി.എം.കെ. ഫൈസി മോങ്ങം)* "റസൂലുല്ലാഹി (സ) പ്രാർത്ഥിച്ചത് എന്റെ ഖബറിനെ ഉത്സവ സ്ഥലമാക്കരുതേ എന്നായിരുന്നു." *(രിസാല വാരിക. 1997. ജനുവരി. 10)*

നോക്കൂ, നബി(ﷺ) യുടെ ക്വബ്റിനെ പോലും ആഘോഷ-ഉത്സവ സ്ഥലമാക്കരുതെന്നാണ് കൽപന. പിന്നെ എങ്ങനെയാണ് അതിനേക്കാൾ താഴെയുള്ളവരുടെ ക്വബ്റുകൾ ആഘോഷസ്ഥലമാക്കുക? മാത്രമല്ല, അബൂബക്കർ സിദ്ദീഖ്(റ) മുതൽ ഏതെങ്കിലും സ്വഹാബിമാരുടെ ക്വബ്ർ ആഘോഷസ്ഥലമാക്കിയതിന് ഹദീസിലോ ചരിത്രത്തിലോ യാതൊരു തെളിവുമില്ല. സച്ചരിതരായ മുൻഗാമികൾ അങ്ങനെ പഠിപ്പിച്ചിട്ടുമില്ല. പ്രാമാണികരും പൗരാണികരുമായ പണ്ഡിതന്മാരെല്ലാം ഈ സമ്പ്രദായത്തിന് എതിരാണ് താനും. എന്നിട്ടും മഹാന്മാരുടെ ക്വബ്റുകളെ ആണ്ട്നേർച്ചയിലൂടെ ആഘോഷ സ്ഥലമാക്കുക എന്ന നബി(ﷺ)യോടുള്ള ധിക്കാരമാണ് തൽപരകക്ഷികൾ ചെയ്യുന്നത്!

ചുരുക്കത്തിൽ, ഏത് വഴിയിലൂടെ നോക്കിയാലും ആണ്ട്നേർച്ചയും അനുബന്ധ ചടങ്ങുകളും ഇസ്ലാമിന്റെ പടിക്ക് പുറത്താണെന്ന് പ്രമാണങ്ങളിൽ നിന്ന് പ്രമനസ്സിലാക്കാം.